# ‘വിടുതൽ നൽകുന്ന ദൈവം’

## സങ്കീർത്തനങ്ങൾ 107:31

“അവർ യഹോവയെ അവന്റെ നന്മയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ.”

107–)o സങ്കീർത്തനം മുഴുവനും പ്രതിപാദിച്ചിരിക്കുന്ന മർമ്മം എന്നു പറയുന്നത്, യഹോവയാം ദൈവം തന്റെ ജനത്തെ, അല്ലെങ്കിൽ തന്റെ ഭക്തന്മാരെ, അല്ലെങ്കിൽ വിശ്വാസി സമൂഹത്തെ അവരുടെ പ്രയാസവേളകളിൽ എങ്ങനെ രക്ഷിച്ചു, രക്ഷിക്കുന്നു എന്നുള്ളതാണ്. അതിന്റെ ആദ്യവാക്യത്തിൽ ഇപ്രകാരം പറയുന്നു “യഹോവെക്കു സ്തോത്രം ചെയ്വിൻ; അവൻ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളതു!” അവസാന വാക്യത്തിലേക്കു ശ്രദ്ധിച്ചാൽ അവിടെ പറയുന്നു “ജ്ഞാനമുള്ളവർ ഇവയെ ഒക്കെയും ശ്രദ്ധിക്കും; അവർ യഹോവയുടെ കൃപകളെ ചിന്തിക്കും.”

വാസ്തവത്തിൽ ഇന്നു വളരെയധികം ജ്ഞാനവും പഠിപ്പും ഒക്കെ ഉള്ളവരാണെന്നു അഹങ്കരിച്ചു നടക്കുന്ന നാം ഓരോരുത്തരുടെയും ജീവിതത്തിൽ ഒന്നു ചിന്തിച്ചു നോക്കേണ്ട ഒരു സങ്കീർത്തനമാണിത്, കാരണം ഇന്ന് ഓരോ ദൈവമക്കൾക്കും അവരുടെ ജീവിതത്തിൽ പ്രായോഗികമാക്കാൻ കഴിയുന്ന കാര്യമാണ് സങ്കീർത്തകൻ ഇവിടെ നമ്മെ വരച്ചു കാണിക്കുന്നത്.

ദാവീദ് സങ്കീർത്തനങ്ങളെ എഴുതിയത് തന്നെ തന്റെ സ്വന്ത ജീവിതത്തിലെ അനുഭവങ്ങളിൽ നിന്നാണ്. ഒരു ബാലനും ആട്ടിടയനുമായിരുന്ന താൻ ഗോല്യാത്ത് എന്ന മല്ലനുമായി ഏറ്റുമുട്ടി, വെറും കവിണയും കല്ലും ഉപയോഗിച്ച് അവനെ നിഷ്പ്രയാസം പരാജിതനാക്കുകയും ചെയ്ത കാലം മുതൽ; തന്നെ ഒരു രാജാവാക്കി ദൈവം ഉയർത്തിയതും തന്റെ ജീവിതത്തിൽ ദൈവം കൊടുത്ത വിടുതലുകളും നന്മയും, ശത്രുവിനെതിരെയുള്ള യുദ്ധവിജയങ്ങളും ഒക്കെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയാണിവിടെ. അങ്ങനെയെങ്കിൽ ദൈവപൈതലെ നിന്റെ ജീവിതത്തിൽ ഈ ദൈവത്തെ അവന്റെ നന്മയെ ചൊല്ലിയും അവൻ നിനക്ക് ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കുവാൻ നിനക്ക് ഇനിയും എന്തിനു കാത്തിരിക്കണം.

107–)o സങ്കീർത്തനത്തിലൂടെ കടന്നു പോകുമ്പോൾ നമുക്കു കാണാൻ കഴിയും കഷ്ടതയിൽ യഹോവയോട് നിലവിളിക്കുമ്പോൾ അവൻ അവരെ വിടുവിക്കുന്ന ഒരു ദൈവമാണെന്ന്, എന്നാൽ അതുപോലെ തന്നെ അവന്റെ വചനങ്ങളെ അനുസരിക്കാതെ

അവനെ മറന്ന് ലോകത്തെ സ്നേഹിക്കുന്നവരെ അവനും മറന്നു കളയും. അവന്റെ സ്നേഹം നിത്യമായ സ്നേഹമാണ്. അതു നിലനിൽക്കണമെങ്കിൽ എന്നും അവന്റെ പാദപീഢത്തിൽ ഇരുന്ന് അവന്റെ വചനങ്ങൾ അനുസരിച്ച് നമ്മുടെ ജീവിതം മുമ്പോട്ട് കൊണ്ടുപോകണം, കാരണം ദൈവം അവന്റെ മക്കളെ നാശത്തിലേക്ക് പോകുവാൻ ഒരു നാളും അനുവദിക്കുകയില്ല.

യോഹന്നാൻ 16:33–ൽ പറയുന്നു, "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." ദൈവം നമുക്കു വേണ്ടി മുന്നമെ തന്നെ ഈ ലോകത്തെ ജയിച്ചെങ്കിൽ നാം ഇന്നു ഭയപ്പെടുകയും, ഭാരപ്പെടുകയും ചെയ്യേണ്ട കാര്യമില്ല, കാരണം ദൈവം ജയിച്ചതിനെ ജയിപ്പാൻ ഇനി സാത്താനോ അവന്റെ സേനകൾക്കോ സാധ്യമല്ല. നമുക്ക് ഈ ലോകത്തിൽ കഷ്ടങ്ങളും പ്രയാസങ്ങളും കടന്നു വരുമ്പോൾ നാം ഈ ജയാളിയായ ക്രിസ്തുവിനെ നമ്മുടെ മനസ്സിൽ കാണണം. അവന്റെ നിത്യമായ സ്നേഹത്തെയും, അവൻ തരുന്ന നിത്യമായ രക്ഷയെയും കുറിച്ച് ഓർത്ത് അവനിൽ സന്തോഷിക്കണം, അതു നിത്യമായ സന്തോഷമായിരിക്കണം.

ഈ സങ്കീർത്തനത്തിൽ ദൈവത്തെ സ്തുതിക്കുവാൻ ദാവീദ് പല ആവർത്തി നമ്മോട് ആഹ്വാനം തരുന്നു, കാരണം നമ്മെ സൃഷ്ടിച്ചത് തന്നെ അവനെ സ്തുതിക്കുവാനും ആരാധിക്കുവാനും വേണ്ടിയാണ്. അവൻ നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം നിറവേറുമ്പോൾ, നമുക്കു ചുറ്റും എന്തു സംഭവിച്ചാലും അവൻ നമുക്ക് നിത്യമായ സമാധാനവും, സംതൃപ്തിയും, സന്തോഷവും തരും, കാരണം അവൻ നമ്മെ സ്നേഹിക്കുന്ന, കൈവിടാത്ത, കരുതുന്ന, പരിപാലിക്കുന്ന എന്നുവേണ്ട നാം ഇന്നു ആയിരിക്കുന്ന അവസ്ഥയിൽ നമ്മെ നന്നായി അറിയുന്ന ഒരു ദൈവമാണ്. ഇനിയും ഈ ദൈവത്തെ സ്തുതിപ്പാൻ നമുക്ക് എന്തിനു താമസം.

ഈ നിമിഷം മുതൽ അവനെ, അവൻ ചെയ്ത നന്മയെ ചൊല്ലിയും നമ്മിൽ പ്രവർത്തിച്ച അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിച്ചാട്ടെ. ദൈവം വിശ്വസ്തനാണ്. അവൻ ഒരു നാളും നമ്മെ കൈവിടില്ല.

പരാമർശം :

സങ്കീർത്തനങ്ങൾ 107:13–15

"അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോട് നിലവിളിച്ചു; അവൻ അവരുടെ ഞെരുക്കങ്ങളിൽനിന്നു അവരെ രക്ഷിച്ചു. അവൻ അവരെ ഇരുട്ടിൽ നിന്നും അന്ധതമസ്സിൽ നിന്നും പുറപ്പെടുവിച്ചു; അവരുടെ ബന്ധനങ്ങളെ അറുത്തുകളഞ്ഞു. അവർ യഹോവയെ അവന്റെ നന്മയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ."

ബ്രദർ ബിനു ബേബി ആലപ്പുഴ 10